(ബി) ഇത് സംബന്ധിച്ച ഉത്തരവ് എപ്പോൾ ഉണ്ടാകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഐ.സി.ഡി.എസ്. പ്രോജക്ടുകളിലെ അംഗൻവാടികളിൽ താൽക്കാലികാടിസ്ഥാനത്തിൽ 2 കൊല്ലത്തോളം തുടർച്ചയായോ ഘട്ടംഘട്ടമായോ സേവനം പൂർത്തിയാക്കിയിട്ടുള്ള വർക്കർ/ഹെൽപ്പർമാരെ സ്ഥിരപ്പെടുത്തുന്നതിന് 9-9-1997, 22-7-1998 എന്നീ തീയതികളിൽ പൊതു നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ 1-1-1996-നു ശേഷം പിരിഞ്ഞുപോയവർക്ക് ഈ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല. അതിനുശേഷം താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന അംഗൻവാടി ജീവനക്കാരെ സ്ഥിരപ്പെടുത്താൻ പൊതുനിർദ്ദേശം പുറപ്പെടുവിച്ചിട്ടില്ല.

(ബി) ഇക്കാര്യം വിശദമായി പരിശോധിച്ച് നയപരമായ തീരുമാനം എടുക്കേണ്ടതുണ്ട്.

ഗ്രാമപഞ്ചായത്തുകളിൽ ഐ.സി.ഡി.എസ്. വർക്കർ/ഹെൽപ്പർമാരെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച്

34 [2903] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ ഐ.സി.ഡി. എസ്. വർക്കർ/ഹെൽപ്പർമാരെ തെരഞ്ഞെടുക്കുന്നത് എന്ത് മാനദണ്ഡം അനുസരിച്ചാണ്;

(ബി) ഈ തെരഞ്ഞെടുപ്പിനായി കമ്മിറ്റികൾ രൂപവൽക്കരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആരൊക്കെയാണ് കമ്മിറ്റി അംഗങ്ങൾ;

(ഡി) കൊല്ലം ജില്ലയിലെ തഴവ ഗ്രാമപഞ്ചായത്തിൽ ഐ.സി. ഡി.എസ്. വർക്കർ/ഹെൽപ്പർമാരെ തെരഞ്ഞെടുക്കുന്നതിനായി 21-6-2005-ൽ വച്ചിരുന്ന ഇൻറർവ്യൂ എന്ത് കാരണം കൊണ്ടാണ് മാറ്റിവെച്ചത്;

(ഇ) ഈ പഞ്ചായത്തിൽ ഐ.സി.ഡി.എസ്. വർക്കർ/ഹെൽപ്പർമാരെ തെരഞ്ഞെടുത്തിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ തെരഞ്ഞെടുക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 14-10-1991-ലെ ജി.ഒ. (എം.എസ്.) 19/91/സാക്ഷേവ. 28-2-1995-ലെ ജി.ഒ. (എം.എസ്.) 9/95/സാക്ഷേവ. 25-5-2005-ലെ ജി.ഒ. (എം.എസ്.) 64/05/സാക്ഷേവ. എന്നീ സർക്കാർ ഉത്തരവുകളിൽ അടങ്ങിയിട്ടുള്ള മാനദണ്ഡമനുസരിച്ചാണ് ഐ.സി.ഡി.എസ്. പ്രോജക്ടിൽ അംഗൻവാടി പ്രവർത്തകരെ തിരഞ്ഞെടുക്കുന്നത്.

(ബി) ഉണ്ട്. സർക്കാർ ഓരോ ഐ.സി.ഡി.എസ്. പ്രോജക്ടുകൾക്കും വേണ്ടി സെലക്ഷൻ കമ്മിറ്റികൾ രൂപീകരിച്ചാണ് അംഗൻവാടി വർക്കർ/ഹെൽപ്പർ എന്നിവരെ തിരഞ്ഞെടുക്കുന്നത്.

(സി) ജില്ലാ കളക്ടർ ചെയർമാനും പദ്ധതി പ്രദേശത്തെ എം.എൽ.എ./എം.എൽ.എ.-മാർ, എം.പി./എം.പി.-മാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ്, ജില്ലാപഞ്ചായത്ത് മെമ്പർമാരിൽ നിന്നും സർക്കാർ നോമിനേറ്റ് ചെയ്യുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഒരംഗം, പഞ്ചായത്ത് പ്രസിഡൻറ്, മെമ്പർമാർ എന്നിവരിൽ നിന്നും നോമിനേറ്റ് ചെയ്യുന്ന 2 പേർ, ഒരു വനിത ഉൾപ്പെടെ സാമൂഹ്യക്ഷേമ പ്രവർത്തകരിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന 3 പേർ, ജില്ലാ സാമൂഹ്യക്ഷേമ - ഓഫീസർ (കൺവീനർ) എന്നിവരാണ് അംഗങ്ങൾ. അർബൻ പ്രോജക്ടിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ്, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ്, ജില്ലാപഞ്ചായത്ത് മെമ്പർ, ഗ്രാമപഞ്ചായത്ത് പ്രസിഡൻറ്/മെമ്പർമാർ എന്നിവർക്ക് പകരം അതാത് കോർപ്പറേഷൻ/മുനിസിപ്പാലിറ്റിയിൽ നിന്നുള്ള പ്രതിനിധികളെയാണ് ഉൾപ്പെടുത്താറുള്ളത്.

(ഡി) സർക്കാരിന് ലഭിച്ചിട്ടുള്ള പരാതികളുടെ അടിസ്ഥാനത്തിലാണ് ഇൻറർവ്യൂ മാറ്റിവച്ചത്.

(ഇ) ഇല്ല.

(എഫ്) തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പൂർത്തിയാക്കി 28-6-2005-ൽ ഇൻറർവ്യൂ നിശ്ചയിച്ചിരുന്നത് സർക്കാരിന് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിലാണ് മാറ്റി വച്ചത്.

കുള്ളൻമാരെ വികലാംഗരുടെ പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി

35 [2904] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൻമനാ തന്നെ നന്നേ പൊക്കം കുറഞ്ഞവരായിട്ടുള്ളവരെ വികലാംഗരുടെ പട്ടികയിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ നിലവിൽ ലഭ്യമാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ അവർക്കുകൂടി വികലാംഗർക്കുള്ള എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കുവാനും മുൻകാലങ്ങളിൽ സർക്കാർ - സർവ്വീസിൽ താൽക്കാലിക നിയമനം ലഭിച്ച ഇത്തരക്കാരെക്കൂടി സർവ്വീസിൽ സ്ഥിരപ്പെടുത്തുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) 1995-ലെ പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ് ആക്ട് പ്രകാരം സഞ്ചരിക്കാനുള്ള കഴിവില്ലായ്മയെയാണ് അംഗവൈകല്യം എന്ന നിർവചനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. അതായത് അവയവങ്ങൾ പലിപ്പിക്കുന്നതിനെ ഗണ്യമായ തോതിൽ തടസ്സപ്പെടുത്തുന്ന വിധത്തിൽ അസ്ഥികം, സന്ധികം, പേശികം എന്നിവയ്ക്കുണ്ടാകുന്ന അവശത അല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള മസ്തിഷ്ക മരവിപ്പ് എന്നിവയെ അംഗവൈകല്യമായി കണക്കാക്കുന്നു. ജൻമനാ തന്നെ പൊക്കം കുറഞ്ഞവർ ഈ ഗണത്തിൽപ്പെടുന്നില്ല. ആയതിനാൽ ഇവർക്ക് വികലാംഗർക്കുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുവാൻ നിർവ്വാഹമില്ല.

ഭിക്ഷാടനം അവസാനിപ്പിക്കാൻ നടപടി

36 [2905] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അലഞ്ഞുതിരിയുന്നവരുടേയും യാചകരുടേയും എണ്ണം വർദ്ധിച്ചുവരുന്നത് സർക്കാരിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly